നവജ്യോതി

LIGHTED TO ENLIGHTEN

നമ്മുടെ കോളേജിന്റെ വാർത്താജാലകം

സെപ്റ്റംബർ 29 ചൊവ്വ 2026

നവജ്യോതി കോളേജിൽ ബിരുദദാനച്ചടങ്ങ് സംഘടിപ്പിച്ചു





ചെറുപുഴ: നവജ്യോതി കോളേജിന്റെ അഞ്ചാമത് ബിരുദദാനച്ചടങ്ങ് 2026 ജൂലൈ 24ന് സംഘടിപ്പിച്ചു. 2025-2026 വർഷങ്ങളിൽ ബിരുദ പഠനം പൂർത്തിയാക്കിയ വിദ്യാർഥികൾക്ക് ചടങ്ങിൽ ബിരുദ സെർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ദീപപ്രജ്വലനം, പ്രാർത്ഥന,വിശുദ്ധഗ്രന്ഥ പാരായണം എന്നിവയോടെയാണ് ചടങ്ങിന് തുടക്കമായത്. കോളേജിന്റെ മുൻ മാനേജർ ഫാ. ജോസഫ് ചാത്തനാട്ടിന്റെ നിര്യാണത്തിൽ ചടങ്ങിൽ അനുശോചനം രേഖപ്പെടുത്തി.

കോളേജ് ഡയറക്ടർ ഫാ. സിജോയ് പോൾ കരിങ്ങാലിച്ചിറ സ്വാഗതം ആശംസിച്ചു. പ്രിൻസിപ്പൽ ഡോ. കെ.കെ.സോമശേഖരൻ ബിരുദദാനച്ചടങ്ങ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.

ISRO വിശിഷ്ട ശാസ്ത്രജ്ഞനും മുൻ ബഹിരാകാശ കമ്മീഷൻ അംഗവുമായ ഡോ. പി. കുഞ്ഞികൃഷ്ണൻ ബിരുദദാന പ്രസംഗം നടത്തി. കണ്ണൂർ സർവകലാശാല മുൻ സിൻഡിക്കേറ്റ് അംഗവും കേരള സ്റ്റേറ്റ് അത്‌ലറ്റിക്സ് അസോസിയേഷൻ മുൻ വൈസ് പ്രസിഡന്റുമായ ഡോ. കെ. ജോസഫ് തോമസ് മുഖ്യപ്രഭാഷണം നടത്തി.

വിദ്യാർഥികൾ സത്യപ്രതിജ്ഞ ഏറ്റുവാങ്ങിയതിനു പിന്നാലെ വിവിധ വിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് ബിരുദ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. കോളേജ് ടോപ്പർ മാരായ ബിജിൽ ജിമ്മി (കമ്പ്യൂട്ടർ സ്റ്റഡീസ്), അമൽ കുര്യാക്കോസ് (കൊമേഴ്സ്), എവ്‌ലിൻ റൂത്ത് ജിമ്മി (ഇംഗ്ലീഷ്), ഫാത്തിമ ഷിഫ എം. (മാനേജ്മെന്റ് സ്റ്റഡീസ്) എന്നിവർക്ക് പ്രത്യേക അംഗീകാരം നൽകി. ചടങ്ങിൽ ബിരുദധാരികളെ അനുമോദിക്കുകയും മികച്ച നേട്ടം കൈവരിച്ചവർക്കുള്ള പുരസ്കാരങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

ഓണാഘോഷത്തിന് ആവേശത്തിളക്കമായി 'തക്ജും'





ചെറുപുഴ നവജ്യോതി കോളേജിലെ SAIN ET. AL. സെല്ലിന്റെയും കോളേജ് സ്റ്റുഡന്റ്സ് യൂണിയന്റെയും നേതൃത്വത്തിൽ തക്ജും 2026 എന്ന പേരിൽ വർണാഭമായ ഓണാഘോഷം 2026 ഓഗസ്റ്റ് 20 ന് കോളേജിൽ സംഘടിപ്പിച്ചു.

ഓണത്തിന്റെ പാരമ്പര്യവും സാംസ്കാരിക മൂല്യങ്ങളും ആഘോഷിക്കുന്നതിനൊപ്പം വിദ്യാർത്ഥികൾക്കിടയിൽ ഐക്യം, സൗഹൃദം, കൂട്ടായ്മ, ടീം സ്പിരിറ്റ്, ആരോഗ്യകരമായ മത്സരബോധം എന്നിവ വളർത്തുക എന്ന ലക്ഷ്യത്തോടെയായിരുന്നു പരിപാടി. വിദ്യാർത്ഥികളും അധ്യാപകരും ഒരുമിച്ച് പങ്കെടുത്തതോടെ ക്യാമ്പസ് മുഴുവൻ ഓണാഘോഷത്തിന്റെ ആവേശത്തിലായി.

മത്സരങ്ങൾ സുഗമമായി നടത്തുന്നതിനായി വിദ്യാർത്ഥികളെ നാല് ഗ്രൂപ്പുകളായി തിരിച്ചു. ഗ്രൂപ്പുകളായി തിരിഞ്ഞുള്ള മത്സരങ്ങൾ വിദ്യാർത്ഥികളിൽ കൂട്ടായ പ്രവർത്തനത്തിനും പരസ്പര സഹകരണത്തിനും ആരോഗ്യകരമായ മത്സരബോധത്തിനും അവസരമൊരുക്കി.

പൂക്കള മത്സരത്തോടെയാണ് ആഘോഷങ്ങൾക്ക് തുടക്കമായത്. വിദ്യാർത്ഥികൾ മനോഹരവും വർണാഭവുമായ പൂക്കളങ്ങൾ ഒരുക്കി തങ്ങളുടെ സർഗാത്മകതയും കലാപരമായ കഴിവുകളും പ്രകടിപ്പിച്ചു.

തുടർന്ന് കോളേജ് കവാടത്തിൽ വരവേൽപ്പ് സംഘടിപ്പിച്ചു. വിദ്യാർത്ഥികൾ ആവേശപൂർവം പങ്കെടുത്ത് പരമ്പരാഗത രീതിയിൽ വർണാഭമായ വരവേൽപ്പ് ഒരുക്കി.

തുടർന്ന് തക്ജും 2026 ന്റെ ഉദ്ഘാടനച്ചടങ്ങ് നടന്നു. മുഖ്യാതിഥി ഡോ. ജിം വർഗീസ് നിലവിളക്ക് തെളിയിച്ച് ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. ഉദ്ഘാടനത്തോടനുബന്ധിച്ച് നടന്ന ചെണ്ടമേളം വിദ്യാർത്ഥികളിൽ ആവേശം നിറച്ചു.

ഉദ്ഘാടനത്തിന് ശേഷം മെഗാ തിരുവാതിര, നൃത്തം, ഗാനാലാപനം എന്നിവ അരങ്ങേറി. ഓണത്തിന്റെ സാംസ്കാരിക പാരമ്പര്യവും ഉത്സവത്തിന്റെ ആവേശവും പ്രതിഫലിപ്പിച്ച അവതരണങ്ങൾ ശ്രദ്ധേയമായി.

അധ്യാപകർക്കായി പ്രത്യേകമായി കുടം തല്ലിപ്പൊട്ടിക്കൽ മത്സരവും സംഘടിപ്പിച്ചു. അധ്യാപകരുടെ ആവേശകരമായ പങ്കാളിത്തം ആഘോഷങ്ങൾക്ക് കൂടുതൽ നിറവും സന്തോഷവും നൽകി.

തുടർന്ന് കസേരകളി, നാരങ്ങയും സ്പൂണും, പേപ്പർ ഗ്ലാസ് വാക്കിംഗ്, ബോൾ ഹണ്ട്, വാലുപറി, ചാക്കിലോട്ടം, മിഠായി പറുക്കൽ, സുന്ദരിക്ക് കിസ്, ഉറിയടി തുടങ്ങിയ മത്സരങ്ങൾ നടന്നു. വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തം മത്സരങ്ങളെ കൂടുതൽ ആവേശകരമാക്കി.

ഓണസദ്യയും ആഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ചു. അധ്യാപകരും വിദ്യാർത്ഥികളും ഒരുമിച്ചിരുന്ന് വിഭവസമൃദ്ധമായ ഓണസദ്യ ആസ്വദിച്ചത് ആഘോഷത്തിന് കൂടുതൽ മികവേകി.

ആഘോഷത്തിലെ പ്രധാന ആകർഷണമായിരുന്നു വടംവലി. ശക്തമായ ടീം വർക്ക്, ആവേശകരമായ പിന്തുണ, മികച്ച മത്സരബോധം എന്നിവ മത്സരത്തിൽ പ്രകടമായി. വിദ്യാർത്ഥികളുടെ സർഗാത്മകത പ്രകടിപ്പിക്കാൻ കോളേജ് ഓണാഘോഷത്തോടനുബന്ധിച്ചുള്ള റീൽസ് മത്സരം നടത്തപ്പെട്ടു.

വിവിധ മത്സരങ്ങളിലെ പ്രകടനങ്ങളുടെ അടിസ്ഥാനത്തിൽ ബി.ബി.എ വിഭാഗം തക്ജും 2026 ഓവറോൾ ചാമ്പ്യന്മാരായി, ബി.കോം വിഭാഗം ഓവറോൾ റണ്ണറപ്പായി. വിദ്യാർത്ഥികളുടെ സ്ഥിരതയാർന്ന പങ്കാളിത്തവും കൂട്ടായ്മയും ആവേശവും മത്സരബോധവും ഈ നേട്ടത്തിൽ പ്രതിഫലിച്ചു. ഫലപ്രഖ്യാപനവും സമ്മാനദാനച്ചടങ്ങോടെയും പരിപാടിസമാപിച്ചു. വിവിധ മത്സരങ്ങളിലെ വിജയികൾക്കും റണ്ണറപ്പുകൾക്കും ട്രോഫികളും ക്യാഷ് പ്രൈസുകളും മറ്റ് പുരസ്കാരങ്ങളും വിതരണം ചെയ്തു.

വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും സജീവ പങ്കാളിത്തത്തോടെ തക് ജും 2026 അവിസ്മരണീയമായ ഓണാഘോഷമായി മാറി.

ആറളത്ത് നിർധന കുടുംബങ്ങൾക്ക് കൈത്താങ്ങായി നവജ്യോതി കോളജ്



ചെറുപുഴ: ചെറുപുഴ നവജ്യോതി കോളജിലെ സോഷ്യൽ വർക്ക്, സൈക്കോളജി വിഭാഗം വിദ്യാർഥികൾ ആറളം ഫാമിലെ നിർധന കുടുംബങ്ങൾക്ക് വസ്ത്രങ്ങൾ എത്തിച്ചു നൽകി. ആറളം ഫാം പുനരധിവാസ മേഖലയിലെ കുടുംബങ്ങളുടെ പ്രയാസങ്ങൾ നേരിട്ടറിഞ്ഞ വിദ്യാർഥികൾ അധ്യാപകരുടെ പിന്തുണയോടെ രൂപീകരിച്ച കൈത്താങ്ങ് എന്ന ജീവകാരുണ്യ സംരംഭത്തിലൂടെ പുതുവസ്ത്രങ്ങൾ കൈമാറിയത്.

വസ്ത്രവിതരണം പരിപാടി ആറളം പഞ്ചായത്ത് പ്രസിഡന്റ് ശോഭ ഉദ്ഘാടനം ചെയ്തു.സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവർക്കായി വിദ്യാർഥികൾ നടത്തുന്ന ഇത്തരം പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണെന്ന് അവർ പറഞ്ഞു. കോളജ് മാനേജർ ഫാ. ഡോ. ജിനേഷ് സ്രായിൽ അധ്യക്ഷത വഹിച്ചു. വാർഡ് മെംബർ റഹ്മത്ത് സുബി സോഷ്യൽ വർക്ക് സൈക്കോളജി വിഭാഗം മേധാവി ഫാ. ബിനോയി വാഴയിൽ, സിസ്റ്റർ റോസിയ കുര്യൻ എം എസ് എം ഐ എന്നിവർ പ്രസംഗിച്ചു.

ദേശീയ വായനാദിനാചരണത്തിന്റെ ഭാഗമായി ഓഡിയോ ഹണ്ട് മത്സരം സംഘടിപ്പിച്ചു നവജ്യോതി



കോളേജ് ക്യാമ്പസ്: ദേശീയ വായനാദിനാചരണത്തിന്റെ ഭാഗമായി ഭാഷാ വിഭാഗത്തിന്റെ (Department of Languages) ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി ഓൺലൈൻ ഓഡിയോ ഹണ്ട് മത്സരം വിജയകരമായി സംഘടിപ്പിച്ചു. വിദ്യാർത്ഥികളിൽ വായനാശീലം വളർത്തുന്നതിനും, വായനയിലും ഗ്രഹണശേഷിയിലുമുള്ള താല്പര്യം വർദ്ധിപ്പിക്കുന്നതിനുമായാണ് ഈ വേറിട്ട മത്സരം സംഘടിപ്പിച്ചത്. വിവിധ ഡിപ്പാർട്ട്മെന്റുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ വളരെ ആവേശത്തോടെയാണ് ഈ ഓൺലൈൻ മത്സരത്തിൽ പങ്കെടുത്തത്. ഇംഗ്ലീഷ്, ഹിന്ദി, മലയാളം എന്നീ മൂന്ന് ഭാഷകളിലായാണ് മത്സരം ക്രമീകരിച്ചിരുന്നത്. വിദ്യാർത്ഥികൾക്ക് തങ്ങൾക്ക് താല്പര്യമുള്ള ഏതെങ്കിലും ഒരു ഭാഷ തിരഞ്ഞെടുക്കാൻ അവസരമുണ്ടായിരുന്നു. നിശ്ചിത നമ്പറിലേക്ക് വോയ്സ് ക്ലിപ്പുകൾ അയച്ചു തന്നായിരുന്നു പങ്കാളിത്തം ഉറപ്പാക്കിയത്. 2026 ജൂൺ 29 ആയിരുന്നു എൻട്രികൾ സമർപ്പിക്കേണ്ട അവസാന തീയതി. കൃത്യത, ഒഴുക്ക്, ഭാവം, ഗ്രഹണശേഷി, അവതരണം എന്നീ അഞ്ച് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് വിധികർത്താക്കൾ വിജയികളെ തിരഞ്ഞെടുത്തത്.

അസിസ്റ്റന്റ് പ്രൊഫസർമാരായ മിസ്. കരോളിൻ മരിയ (ഇംഗ്ലീഷ്), മിസ്സിസ്. മഞ്ജുഷ കെ.ബി (ഹിന്ദി), മിസ്സിസ്. രജിത കെ.വി (മലയാളം) എന്നിവരടങ്ങിയ വിദഗ്ധ സമിതിയാണ് മൂല്യനിർണ്ണയം നടത്തിയത്. തീവ്രമായ മത്സരത്തിനൊടുവിൽ ഓരോ ഭാഷയിലെയും ഒന്നാം സ്ഥാനക്കാരെ വിധികർത്താക്കൾ പ്രഖ്യാപിച്ചു. ഇംഗ്ലീഷ് വിഭാഗത്തിൽ ആൽബർട്ട് മാത്യു (III BSW), ഹിന്ദി വിഭാഗത്തിൽ മുഹമ്മദ് ആഷിക് സി.എ (III BCom), മലയാളം വിഭാഗത്തിൽ ഷെഫിൻ വർഗീസ് (III BSW) എന്നിവർ ഒന്നാം സ്ഥാനം കരസ്ഥമാക്കി. വിജയികൾക്ക് ക്യാഷ് പ്രൈസുകൾ സമ്മാനിച്ചു.

നവജ്യോതി കോളേജിൽ അലുംനി ഇന്ററാക്ഷൻ പരിപാടി സംഘടിപ്പിച്ചു



നവജ്യോതി കോളേജിൽ അലുംനി ഇന്ററാക്ഷൻ പരിപാടി സംഘടിപ്പിച്ചു ചെറുപ്പുഴ നവജ്യോതി കോളേജിലെ പി.ജി ഡിപ്പാർട്ട്മെന്റ് ഓഫ് കൊമേഴ്സും 'കൊമേർകോ' ക്ലബ്ബും ചേർന്ന് ഒന്നാം വർഷ വിദ്യാർത്ഥികൾക്കായി അലുംനി ഇന്ററാക്ഷൻ പരിപാടി സംഘടിപ്പിച്ചു. കോളേജിലെ ഓഡിയോ വിഷ്വൽ റൂമിൽ വെച്ച് നടന്ന പരിപാടിയിൽ 2021 ബാച്ചിലെ പൂർവ്വവിദ്യാർത്ഥിയായ ആനന്ദ് ഗോപിനാഥ് മുഖ്യാതിഥിയായി പങ്കെടുത്തു. തനിക്ക് കോളേജുമായുള്ള ആഴത്തിലുള്ള ആത്മബന്ധത്തെക്കുറിച്ചും പഠനകാലത്തെ ഓർമ്മകളെക്കുറിച്ചും ആനന്ദ് വിദ്യാർത്ഥികളോട് സംസാരിച്ചു. ഫ്ലോറ ക്ലബ്ബിലെ പ്രവർത്തനങ്ങളെക്കുറിച്ചും യൂണിവേഴ്സിറ്റി തലത്തിൽ പങ്കെടുത്ത അനുഭവങ്ങളെക്കുറിച്ചും അദ്ദേഹം ഓർമ്മകൾ പങ്കുവെച്ചു. നവഗതരായ വിദ്യാർത്ഥികൾക്ക് ഏറെ പ്രചോദനവും മികച്ചൊരു അനുഭവവുമായിരുന്നു ഈ സംവാദം.

'Speak Up, Stand Out' അവതരണ മികവ് വളർത്താൻ ബി.ബി.എ വിദ്യാർത്ഥികൾക്കായി ശിൽപ്പശാല



ചെറുപുഴ: മാനേജ്മെന്റ് പഠന വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ബി.ബി.എ വിദ്യാർത്ഥികളുടെ അവതരണശേഷിയും മാനേജീരിയൽ കഴിവുകളും മെച്ചപ്പെടുത്തുന്നതിനായി Speak Up, Stand Out – Workshop on Presentation Skills എന്ന പേരിൽ ശിൽപ്പശാല സംഘടിപ്പിച്ചു. ജൂൺ 16ന് ഉച്ചയ്ക്ക് 1.30ന് സെമിനാർ ഹാളിൽ നടന്ന പരിപാടിയിൽ രണ്ടാം, മൂന്നാം വർഷ ബി.ബി.എ വിഭാഗങ്ങളിലെ 41 വിദ്യാർത്ഥികൾ പങ്കെടുത്തു.

മാനേജ്മെന്റ് രംഗത്ത് ഫലപ്രദമായ ആശയവിനിമയത്തിന്റെയും അവതരണശേഷിയുടെയും പ്രാധാന്യം വിദ്യാർത്ഥികളിൽ വളർത്തുകയായിരുന്നു പരിപാടിയുടെ പ്രധാന ലക്ഷ്യം. അക്കാദമിക് രംഗത്തും തൊഴിൽ മേഖലയിലും ആവശ്യമായ ആശയവിനിമയശേഷി, പൊതുപ്രസംഗത്തിലെ ആത്മവിശ്വാസം, പ്രൊഫഷണൽ അവതരണ മികവ് എന്നിവ വികസിപ്പിക്കുന്നതി
നും ശിൽപ്പശാല സഹായകമായി.
മൂന്നാം വർഷ ബി.ബി.എ വിദ്യാർത്ഥിയായ അക്ഷയ് കുമാർ കെ.കെ. സ്വാഗതം ആശംസിച്ചു. തുടർന്ന് റിസോഴ്സ് പേഴ്സണായ ഡോ. ഫാ. സിജോയ് പോൾ ക്ലാസ് നയിച്ചു. ഫലപ്രദമായ ആശയവിനിമയത്തിന്റെയും അവതരണശേഷിയുടെയും പ്രാധാന്യം അദ്ദേഹം വിശദീകരിച്ചു. അവതരണത്തിന്റെ ആസൂത്രണവും ഉള്ളടക്ക ക്രമീകരണവും, ശരീരഭാഷ, ശബ്ദവിന്യാസം, പ്രേക്ഷകരുമായുള്ള ഇടപെടൽ, ആത്മവിശ്വാസം വളർത്തൽ, സ്റ്റേജ് ഭയം മറികടക്കുന്നതിനുള്ള മാർഗങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ പ്രായോഗിക നിർദേശങ്ങളും നൽകി.

വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തത്തോടെയാണ് ശിൽപ്പശാല നടന്നത്. ചർച്ചകളിലും വിവിധ പ്രവർത്തനങ്ങളിലും വിദ്യാർത്ഥികൾ ആവേശപൂർവം പങ്കെടുത്തു. അക്കാദമിക് അവതരണങ്ങൾ, അഭിമുഖങ്ങൾ, ഗ്രൂപ്പ് ചർച്ചകൾ, ഭാവിയിലെ മാനേജീരിയൽ പ്രവർത്തനങ്ങൾ എന്നിവയിൽ പ്രയോജനപ്പെടുന്ന ആശയവിനിമയഅവതരണ കഴിവുകൾ വികസിപ്പിക്കാൻ പരിപാടി സഹായിച്ചു.

മൂന്നാം വർഷ ബി.ബി.എ വിദ്യാർത്ഥിയായ അൻഫാസ് ഷാഹുൽ നന്ദി രേഖപ്പെടുത്തി. വിദ്യാർത്ഥികളുടെ ആശയവിനിമയശേഷി, നേതൃത്വ പാടവം, ടീംവർക്ക്, മാനേജീരിയൽ കഴിവ്, പ്രശ്നപരിഹാരതീരുമാന ശേഷി, തൊഴിൽക്ഷമത എന്നിവ മെച്ചപ്പെടുത്തുന്നതിൽ ശിൽപ്പശാല നിർണായക പങ്കുവഹിച്ചു.

നവജ്യോതി കോളേജ് മലയാള വിഭാഗത്തിന്റെ നേതൃത്വത്തിൽ സംവാദം സംഘടീപ്പിച്ചു



ചെറുപുഴ: ഡിജിറ്റൽ യുഗത്തിൽ പുസ്തക വായന അപ്രത്യക്ഷമാവുകയാണോ എന്ന വിഷയത്തെ കേന്ദ്രീകരിച്ചാണ് സംവാദം നടന്നത്. വായനയുടെ പ്രാധാന്യവും വായനയുടെ മഹത്വവും ഇവിടെ ചർച്ച ചെയ്യപ്പെട്ടു .ബി. എസ്, ഡബ്ലൂ, ബി. കോം വിദ്യാർത്ഥികൾ പരിപാടിയിൽ പങ്കെടുത്തു. ബി. കോം വിദ്യാർത്ഥിനി സഞ്ജന ബി. എസ്. ഡബ്ലൂ വിദ്യാർത്ഥി മാർട്ടിൻ ജോസഫ് എന്നിവർ ഒന്നാം സ്ഥാനം കരസ്ഥ മാക്കി.

നവജ്യോതികോളേജ് മലയാള വിഭാഗത്തിന്റെ നേതൃത്വത്തിൽ ബഷീർ അനുസ്മരണം നടത്തി.



ചെറുപുഴ:ജൂലൈ 6 ന് നവജ്യോതി കോളേജിൽ വെച്ച് ഉച്ചക്ക് 1.30 ന് ബി. കോം, ബി. എസ്. ഡബ്ലൂ, സൈക്കോളജി വിദ്യാർത്ഥികളാണ് പ്രസ്തുത പരിപാടിയിൽ പങ്കെടുത്തത്.ബഷീർ ഓർമ്മദിനമായ ജൂലൈ 5 നെക്കുറിച്ച് മനസ്സിലാക്കാനും ബഷീർ കൃതികളും കഥാപാത്രങ്ങളും , ബഷീറിന്റെ അനുഭവ ലോകവും ഇതിൽ ചർച്ച ചെയ്തു.

പഠിക്കാം, സമ്പാദിക്കാം: സംരംഭകത്വത്തിന്റെ പുതിയ വഴികൾ തുറന്ന് Earn While You Learn



ആൽഫ മാനേജ്മെന്റ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ബി.ബി.എ രണ്ടാം, മൂന്നാം വർഷ വിദ്യാർത്ഥികൾക്കായി Earn While You Learn: Hustle Beyond the Classroom എന്ന പേരിൽ നൈപുണ്യ വികസന പരിപാടി സംഘടിപ്പിച്ചു. ജൂൺ 18ന് ഓഡിയോ വിഷ്വൽ റൂമിൽ നടന്ന പരിപാടിയിൽ 38 വിദ്യാർത്ഥികൾ പങ്കെടുത്തു.

സംരംഭകത്വം, സ്മാർട്ട് കൃഷി, ഫാമിംഗ്, അഗ്രിപ്രണർഷിപ്പ്, ചെലവ്ലാഭ വിശകലനം, വിപണി മൂല്യനിർണയം, സുസ്ഥിര ബിസിനസ് വികസനം തുടങ്ങിയ വിഷയങ്ങളിൽ പ്രായോഗിക അറിവ് നൽകുന്നതായിരുന്നു പരിപാടിയുടെ ലക്ഷ്യം. മൂന്നാം വർഷ ബി.ബി.എ വിദ്യാർത്ഥിയായ മാർട്ടിൻ നോബിൾ റിസോഴ്സ് പേഴ്സണായി ക്ലാസ് നയിച്ചു. പഠനത്തോടൊപ്പം വരുമാനം നേടുന്നതിനുള്ള സാധ്യതകളും ആശയങ്ങളെ വിജയകരമായ സംരംഭങ്ങളാക്കി മാറ്റുന്നതിനുള്ള മാർഗങ്ങളും അദ്ദേഹം വിശദീകരിച്ചു.

വിദ്യാർത്ഥികൾ സജീവമായി ചർച്ചകളിലും സംവാദങ്ങളിലും പങ്കെടുത്തു. സ്റ്റാർട്ടപ്പ് സാധ്യതകൾ,നിക്ഷേപം, വിപണി സാധ്യതകൾ, ബിസിനസ് വെല്ലുവിളികൾ തുടങ്ങിയ വിഷയങ്ങളിൽ വിദ്യാർത്ഥികൾ സംശയങ്ങൾ ഉന്നയിച്ചു.തൊഴിൽ അന്വേഷിക്കുന്നവരായി മാത്രമല്ല, അവസരങ്ങൾ സൃഷ്ടിക്കുന്ന സംരംഭകരായി മാറാൻ വിദ്യാർത്ഥികളെ പ്രചോദിപ്പിക്കുന്നതായിരുന്നു പരിപാടി.

നവജ്യോതിയിൽ പുതുമുഖങ്ങൾക്കായി ഫ്രഷേഴ്സ് ഡേ



ചെറുപുഴ:2026 ജൂലൈ 22ന് നവജ്യോതി കോളേജിൽ പുതിയ വിദ്യാർത്ഥികളെ സ്ഥാപനത്തിലേക്ക് ഉഷ്മളമായി സ്വാഗതം ചെയ്യുന്നതിനായി ഫ്രഷേഴ്സ് ഡേ ആഘോഷം വളരെ ആവേശപൂർവ്വം സംഘടിപ്പിച്ചു.

പ്രിൻസിപ്പലിന്റെ സ്വാഗത പ്രസംഗത്തോടെയാണ് പരിപാടി ആരംഭിച്ചത്. കോളേജ് ജീവിതം പരമാവധി പ്രയോജനപ്പെടുത്താനും അക്കാദമിക്, പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കാനും പ്രിൻസിപ്പൽ പുതുമുഖ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിച്ചു.

തുടർന്ന്സംഗീതം, നൃത്തം, ലളിത നാടകം, രസകരമായ കളികൾ തുടങ്ങി വിവിധ കലാപരിപാടികൾ അരങ്ങേറി.

മുതിർന്ന വിദ്യാർത്ഥികൾ പുതുമുഖങ്ങളുമായി സൗഹൃദപരമായി ഇടപഴകുകയും അവർക്ക് ആശ്വാസകരവും സ്വാഗതാർഹവുമായ അന്തരീക്ഷം ഒരുക്കുകയും ചെയ്തു. പുതുമുഖ വിദ്യാർത്ഥികൾക്ക് സ്വയം പരിചയപ്പെടുത്താനും അവരുടെ കഴിവുകൾ പ്രകടിപ്പിക്കാനും അവസരം ലഭിച്ചു. വർണ്ണാഭമായ പ്രകടനങ്ങളും സന്തോഷഭരിതമായ അന്തരീക്ഷവും പരിപാടിയെ എല്ലാവർക്കും മറക്കാനാവാത്ത അനുഭവമാക്കി.നന്ദി പ്രകടനത്തോടെയാണ് പരിപാടി സമാപിച്ചത്. ഫ്രഷേഴ്സ് ഡേ ആഘോഷം
പുതിയ വിദ്യാർത്ഥികളിൽ ആത്മവിശ്വാസം വളർത്താനും പുതിയ സൗഹൃദങ്ങൾ സ്ഥാപിക്കാനും അവരുടെ കോളേജ് ജീവിതം നല്ലൊരു തുടക്കത്തോടെ ആരംഭിക്കാനും സഹായിച്ചു.

വിദ്യാർഥികൾക്കായി ലീഡർഷിപ്പ് സ്കിൽ ബിൽഡിംഗ് പരിശീലനം



ചെറുപുഴ: ചെറുപുഴ നവജ്യോതി കോളേജിലെ 'ലക്ഷ്യ' വുമൺ സെല്ലിന്റെയും ബെറ്റർ ലൈഫ് ഫൗണ്ടേഷൻ ഇന്ത്യയുടെയും സംയുക്താഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി Leadership Skill Building വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. 2026 ഓഗസ്റ്റ് 18ന് കോളേജ് സെമിനാർ ഹാളിൽ രാവിലെ 10:00 മണിക്ക് പരിപാടി ആരംഭിച്ചു.
ചടങ്ങിൽ കോളേജ് പ്രിൻസിപ്പൽ ഡോ. കെ.കെ. സോമശേഖരൻ, ഡയറക്ടർ ഫാ. സിജോയ് പോൾ, വുമൺ സെൽ കോർഡിനേറ്റർ സ്മൃതി മിസ്സ് എന്നിവർ സംസാരിച്ചു.ബെറ്റർ ലൈഫ് ഫൗണ്ടേഷൻ ഇന്ത്യയുടെ പ്രതിനിധികളായ അക്ഷയ കെ (പ്രോഗ്രാം മാനേജർ),അനഘ എം.ബി(ന്യൂട്രീഷനിസ്റ്റ് /ഡയറ്റീഷ്യൻ),ദേവിക.ടി(പ്രോഗ്രാം കോർഡിനേറ്റർ) എന്നിവർ പരിശീലന ക്ലാസുകൾക്ക് നേതൃത്വം നൽകി.
വിദ്യാർത്ഥികളിൽ നേതൃത്വ ഗുണം, ഫലപ്രദമായ ആശയവിനിമയ ശേഷി ആത്മവിശ്വാസം, കൂട്ടായ്മ തീരുമാനങ്ങളെടുക്കാനുള്ള കഴിവ്, വ്യക്തിത്വ വികസനം, എന്നിവ വളർത്തിയെടുക്കുന്നതിന് ഊന്നൽ നൽകിയാണ് ശില്പശാല സംഘടിപ്പിച്ചത്. പരിശീലനത്തിന് ശേഷം പങ്കെടുത്ത വിദ്യാർത്ഥികൾ തങ്ങളുടെ അനുഭവങ്ങളും അഭിപ്രായങ്ങളും പങ്കുവെച്ചു. വുമൺ സെൽ കമ്മിറ്റി അംഗം അനന്യ രവി നന്ദി രേഖപ്പെടുത്തി.
ഫലപ്രദമായ ആശയവിനിമയ ശേഷി ആത്മവിശ്വാസം, കൂട്ടായ്മ തീരുമാനങ്ങളെടുക്കാനുള്ള കഴിവ്, വ്യക്തിത്വ വികസനം, എന്നിവ വളർത്തിയെടുക്കുന്നതിന് ഊന്നൽ നൽകിയാണ് ശില്പശാല സംഘടിപ്പിച്ചത്. പരിശീലനത്തിന് ശേഷം പങ്കെടുത്ത വിദ്യാർത്ഥികൾ തങ്ങളുടെ അനുഭവങ്ങളും അഭിപ്രായങ്ങളും പങ്കുവെച്ചു. വുമൺ സെൽ കമ്മിറ്റി അംഗം അനന്യ രവി നന്ദി രേഖപ്പെടുത്തി.

നവജ്യോതി കോളജ് വിദ്യാർഥികൾ ഓണാഘോഷം സംഘടിപ്പിച്ചു



ചെറുപുഴ: നവജ്യോതി കോളജ് സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റ് വിദ്യാർഥികളുടെ നേതൃത്വത്തിൽ ആശാൻകവല തിരുരക്ത ആശ്രമം സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററിൽ ഓണാഘോഷം സംഘടിപ്പിച്ചു. കോളജിലെ വിദ്യാർഥികളിൽ നിന്ന് സമാഹരിച്ച പൊതിച്ചോറുകളുടെ വിതരണവും അന്തേവാസികൾക്കൊപ്പം ഓണാഘോഷവും നടന്നു. കോളജ് ഡയറക്ടർ ഫാ. ഡോ. സിജോയ് പോൾ സി.എസ്.ടി, പ്രിൻസിപ്പൽ ഡോ. കെ.കെ. സോമശേഖരൻ എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു.
പൂക്കളം ഒരുക്കുകയും അന്തേവാസികൾക്കായി വിവിധ കലാപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു. ഡിപ്പാർട്ട്മെന്റ് മേധാവി ഫാ.ബിനോയ് വാഴയിൽ, മാനേജരും അധ്യാപകനുമായ ഫാ. ജിനേഷ് സ്രായിൽ എന്നിവർ നേതൃത്വം നൽകി.

സ്വാതന്ത്ര്യദിനാഘോഷത്തിൽ 'My India, My Vision' വീഡിയോ മത്സരം

നവജ്യോതി കോളേജ് ചെറുപുഴയിൽ സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി 'My India, My Vision –Video Contest 2026' വീഡിയോ മത്സരം ഓഗസ്റ്റ് പതിനഞ്ചാം തീയതി ഓൺലൈനായി സംഘടിപ്പിച്ചു. വിദ്യാർത്ഥികളിലെ ദേശസ്നേഹവും സർഗാത്മകതയും വളർത്തുന്നതിനും ഇന്ത്യയുടെ ഭാവിയെക്കുറിച്ചുള്ള യുവതലമുറയുടെ കാഴ്ചപ്പാടുകൾ അവതരിപ്പിക്കുന്നതിനുമാണ് മത്സരം സംഘടിപ്പിച്ചത്. നവജ്യോതി കോളേജിലെ SAIN ET. AL.ന്റെ നേതൃത്വത്തിലായിരുന്നു മത്സരം. 12 വിദ്യാർത്ഥികൾ മത്സരത്തിൽ പങ്കെടുത്തു.

രാജ്യത്തിന്റെ പുരോഗതി, യുവജനങ്ങളുടെ പങ്ക്, സാമൂഹിക ഉത്തരവാദിത്വം, വികസിത ഇന്ത്യയെക്കുറിച്ചുള്ള സ്വപ്നങ്ങൾ തുടങ്ങിയ വിഷയങ്ങൾ വിദ്യാർത്ഥികൾ തങ്ങളുടെ വീഡിയോകളിലൂടെ അവതരിപ്പിച്ചു. വ്യത്യസ്ത ആശയങ്ങളും നൂതനമായ അവതരണ രീതികളും മത്സരത്തിന് ശ്രദ്ധേയത നൽകി.
വിദ്യാർത്ഥികളുടെ സർഗാത്മക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും ആത്മവിശ്വാസം വളർത്തുന്നതിനും ഇത്തരം പരിപാടികൾ സഹായകരമാണ്. സ്വാതന്ത്ര്യത്തിന്റെ മൂല്യങ്ങളും രാജ്യത്തോടുള്ള ഉത്തരവാദിത്വവും പുതുതലമുറയിൽ വളർത്തുന്നതിലും പരിപാടി ശ്രദ്ധേയമായി.
മത്സരത്തിലെ മികച്ച സർഗാത്മകതയും അവതരണവും പരിഗണിച്ച് ബി.കോം ഒന്നാം വർഷ വിദ്യാർത്ഥിനിയായ അങ്കിത സനൽ വിജയിയായി തിരഞ്ഞെടുക്കപ്പെട്ടു.

ഡിജിറ്റൽ സാക്ഷരതയിലൂടെ സ്ത്രീശാക്തീകരണം; 'SHREE-CONNECT' സംഘടിപ്പിച്ചു



നവജ്യോതി കോളേജ് ചെറുപുഴയിലെ പീ ജി ഡിപ്പാർട്ട്മെന്റ് ഓഫ് കോമേഴ്സിന്റെയും കോമേഴ്സ് ക്ലബ്ബ് കോമേർകോയുടെയും നേതൃത്വത്തിൽ സ്ത്രീകളെ ഡിജിറ്റൽ ലോകവുമായി കൂടുതൽ ബന്ധിപ്പിക്കുന്നതിനായി 'SHREECONNECT' എന്ന പേരിൽ ഡിജിറ്റൽ സാക്ഷരതാ പരിപാടി സംഘടിപ്പിച്ചു. 'Empowering Women through E-Commerce' എന്ന ആശയത്തെ അടിസ്ഥാനമാക്കിയായിരുന്നു പരിപാടി.

2026 ജൂലൈ 5ന് കുളിനീർ ഉഷസ് കുടുംബശ്രീ അംഗങ്ങൾക്കായാണ് പരിപാടി സംഘടിപ്പിച്ചത്. ഓൺലൈൻ വ്യാപാരം, ഡിജിറ്റൽ ഇടപാടുകൾ, ഇകൊമേഴ്സ് പ്ലാറ്റ്ഫോമുകളുടെ ഉപയോഗം തുടങ്ങിയ മേഖലകളിൽ സ്ത്രീകൾക്ക് പ്രായോഗിക അറിവ് നൽകുകയായിരുന്നു പരിപാടിയുടെ പ്രധാന ലക്ഷ്യം. ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി സ്വയംതൊഴിലും വരുമാന മാർഗങ്ങളും വികസിപ്പിക്കാൻ സ്ത്രീകളെ പ്രാപ്തരാക്കുന്നതിന് പരിപാടി സഹായകമായി.
അഞ്ചാം സെമസ്റ്റർ ബി.കോം വിദ്യാർത്ഥികളായ ജിബിയ ബിനോയിയും നിവേദ്യ രവീന്ദ്രനും ആയിരുന്നു പരിപാടിയിലെ റിസോഴ്സ് പേഴ്സൺമാർ. വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം സമൂഹവുമായി നേരിട്ട് ഇടപഴകാനും തങ്ങളുടെ അറിവ് മറ്റുള്ളവരുമായി പങ്കുവെക്കാനും അവസരം ഒരുക്കിയ പരിപാടിയായിരുന്നു ഇത്.

സ്ത്രീകളുടെ ഡിജിറ്റൽ പരിജ്ഞാനം വർധിപ്പിക്കുന്നതിലൂടെ അവരുടെ സാമ്പത്തിക സ്വാതന്ത്ര്യവും ആത്മവിശ്വാസവും ശക്തിപ്പെടുത്തുക എന്നതായിരുന്നു 'SHREECONNECT'-ന്റെ പ്രധാന സന്ദേശം. "Empowered Women, Empowering Communities, Empowering Futures" എന്ന സന്ദേശം ഉയർത്തിപ്പിടിച്ച പരിപാടി ഡിജിറ്റൽ കാലഘട്ടത്തിൽ സ്ത്രീശാക്തീകരണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നതായി.
നവജ്യോതി കോളേജിലെ കൊമേഴ്സ് വിഭാഗം അക്കാദമിക് പഠനത്തോടൊപ്പം വിദ്യാർത്ഥികളുടെ സാമൂഹികവും പ്രൊഫഷണലുമായ കഴിവുകൾ വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകുന്നു.

ലഹരിവിരുദ്ധ റാലി നടത്തി



ലഹരിവിരുദ്ധ റാലി നടത്തി
ചെറുപുഴ; നവജ്യോതി കോളജിന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധ റാലിയും ബോധവത്കരണ പരിപാടികളും സംഘടിപ്പിച്ചു. സെന്റ് ജോസഫ്സ് സ്കൂൾ, ജെഎംയുപി സ്കൂൾ എന്നിവയുമായി സഹകരിച്ചാണ് പരിപാടി നടത്തിയത്. ചെറുപുഴ പോലീസ് സ്റ്റേഷൻ പരിസരത്ത് നിന്നാരംഭിച്ച റാലി പ്രിൻസിപ്പൽ ഡോ. കെ. കെ. സോമശേഖരൻ ഫ്ളാഗ് ഓഫ് ചെയ്തു. യോഗത്തിൽ പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.കെ. ജോയി, ഡയറക്ടർ ഡോ. സി. ജോയി പോൾ എന്നിവർ പ്രസംഗിച്ചു. സോഷ്യൽ വർക്ക്, സൈക്കോളജി വിഭാഗം വിദ്യാർഥികൾ ഫ്ളാഷ് മോബും തെരുവുനാടകവും അവതരിപ്പിച്ചു.

സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു



ചെറുപുഴ: നവജ്യോതി കോളജിലെ സോഷ്യൽ വർക്ക്, സൈക്കോളജി വിഭാഗങ്ങളുടെയും ഉന്നത് ഭാരത് അഭിയാന്റെയും കാക്കയംചാൽ സെന്റ് സെബാസ്റ്റ്യൻ ആശുപത്രിയുടെയും സംയുക്താഭിമുഖ്യത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. പുളിങ്ങോം സെന്റ് ജോസഫ് പള്ളിയിൽ സംഘടിപ്പിച്ച ക്യാമ്പിന്റെ ഉദ്ഘാടനം വികാരി ഫാ. അഗസ്റ്റിൻ പാണ്ടിയാമാക്കൽ നിർവഹിച്ചു. നവജ്യോതി കോളജ് ഡയറക്ടർ ഫാ. ഡോ. സിജോയ് പോൾ സിഎസ്ടി അധ്യക്ഷത വഹിച്ചു. സോഷ്യൽവർക്ക് വിഭാഗം മേധാവി ഫാ. ബിനോയ് വാഴയിൽ സിഎസ്ടി, സിസ്റ്റർ ലില്ലി തെരേസ് എംഎസ്ജെ എന്നിവർ പ്രസംഗിച്ചു.
ഡോ. അബയുടെ നേതൃത്വത്തിൽ രോഗികളെ പരിശോധിക്കുകയും ആവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്തു. ക്യാമ്പിൽ പങ്കെടുത്തവർക്ക് സൗജന്യ മെഡിക്കൽ പരിശോധന, മരുന്നു വിതരണം, രക്തഗ്രൂപ്പ് നിർണയം, രക്തസമ്മർദ പരിശോധന, ഷുഗർ ചെക്കപ്പ് തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കി. നിരവധി പേർ ക്യാമ്പിന്റെ സേവനം പ്രയോജനപ്പെടുത്തി. ക്യാമ്പിൽ കോളജ് അധ്യാപകരും വിദ്യാർഥികളും സന്നദ്ധ പ്രവർത്തകരും പങ്കെടുത്തു.

സ്നേഹാദരവുമായി നവജ്യോതി കോളജ്



ചെറുപുഴ • കന്നിക്കളം നവജ്യോതി കോളജ് വിദ്യാർഥികളുടെ നേതൃത്വത്തിൽ പുളിങ്ങോം പിഎച്ച്സിയിലെ ഡോ.ജീത്തുവിനെ ആദരിച്ചു. കോളജ് മാനേജർ ഡോ.ഫാ.ജീനിഷ് സ്രായിൽ ഉദ്ഘാടനം ചെയ്തു. ഫാ.ബിനോയി തോമസ് അധ്യക്ഷത വഹിച്ചു. പി.ജെ.തോമസ് പ്രസംഗിച്ചു.

ഖാദി കേന്ദ്രത്തിലേക്ക് വ്യവസായ സന്ദർശനം



നവജ്യോതി കോളേജ് ചെറുപുഴയിലെ പിജി ഡിപ്പാർട്ട്മെന്റ് ഓഫ് കൊമേഴ്സിന്റെയും കോമേഴ്സ് ക്ലബ്ബ് കോമേർകോയുടെയും ആഭിമുഖ്യത്തിൽ കുണ്ടംതടത്തെ ഖാദി കേന്ദ്രത്തിലേക്ക് വ്യവസായ സന്ദർശനം സംഘടിപ്പിച്ചു. 2026 ജൂലൈ 2ന് ഉച്ചയ്ക്ക് 2 മണിയോടെയാണ് മൂന്നാം വർഷ ബികോം വിദ്യാർത്ഥികൾ സന്ദർശനം നടത്തിയത്.

ക്ലാസ് മുറികളിൽ നിന്ന് ലഭിക്കുന്ന സൈദ്ധാന്തിക അറിവുകൾ പ്രായോഗികമായി മനസ്സിലാക്കുന്നതിനും ഒരു ഖാദി സ്ഥാപനത്തിന്റെ പ്രവർത്തനരീതികളെ നേരിട്ട് പരിചയപ്പെടുന്നതിനുമായിരുന്നു സന്ദർശനത്തിന്റെ പ്രധാന ലക്ഷ്യം. ഖാദി യൂണിറ്റിലെ ഉൽപ്പാദന പ്രക്രിയകൾ നേരിൽ കണ്ടും മനസ്സിലാക്കിയും വിദ്യാർത്ഥികൾക്ക് വ്യവസായ പ്രവർത്തനങ്ങളെക്കുറിച്ച് കൂടുതൽ അറിവ് നേടാൻ സാധിച്ചു.

ഗ്രാമീണ സംരംഭകത്വം ഒരു സമൂഹാധിഷ്ഠിത സംരംഭത്തിലൂടെ എങ്ങനെ പ്രാവർത്തികമാക്കുകയും നിലനിർത്തുകയും ചെയ്യുന്നു എന്നതിനെക്കുറിച്ചും വിദ്യാർത്ഥികൾക്ക് സന്ദർശനത്തിലൂടെ ധാരണ ലഭിച്ചു. പരിസ്ഥിതി സൗഹൃദവും സുസ്ഥിരവുമായ ബിസിനസ് രീതികളുടെ പ്രാധാന്യവും സന്ദർശനം വ്യക്തമാക്കുകയുണ്ടായി.

ദീർഘകാല ഉപജീവനമാർഗങ്ങൾ ഉറപ്പാക്കുന്നതിനും ഉത്തരവാദിത്തപരമായ ഉൽപ്പാദന രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും ഇത്തരം സംരംഭങ്ങൾ വഹിക്കുന്ന പങ്ക് വിദ്യാർത്ഥികൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞു.

കൊമേഴ്സ് പഠനത്തിലെ സിദ്ധാന്തങ്ങളെ യഥാർത്ഥ വ്യവസായ പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുന്നതിനും ഗ്രാമീണസഹകരണ ബിസിനസ് സാഹചര്യങ്ങളെ അടുത്തറിയുന്നതിനും സന്ദർശനം സഹായകമായി. പാരമ്പര്യവും സുസ്ഥിരതയും അടിസ്ഥാനമാക്കിയുള്ള ബിസിനസ് പ്രവർത്തനങ്ങളെക്കുറിച്ചുള്ള പ്രായോഗിക അറിവ് നേടാനും വിദ്യാർത്ഥികൾക്ക് അവസരം ലഭിച്ചു

തെരുവുനാടകവും ബോധവൽക്കരണവും സംഘടിപ്പിച്ചു



ചെറുപുഴ:ലോക ആത്മഹത്യാ പ്രതിരോധ ദിനത്തോടനുബന്ധിച്ച് കന്നിക്കളം നവജ്യോതി കോളജിലെ സോഷ്യൽ വർക്ക് വിഭാഗം. വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ തെരുവുനാടകവും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചു. സമൂഹത്തിൽ വർധിച്ചുവരുന്ന മാനസിക സംഘർഷങ്ങളും ആത്മഹത്യകളും ലഘൂകരിക്കുന്നതിനായി ആളുകളിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് വിദ്യാർത്ഥികൾ തെരുവുനാടകം അവതരിപ്പിച്ചത്. ജീവിതത്തിലെ പ്രതിസന്ധികളെയും പ്രയാസങ്ങളെയും തരണം ചെയ്ത് പൊരുതി തോൽപ്പിക്കേണ്ടതാണെന്ന സന്ദേശമാണ് നാടകത്തിലൂടെ പങ്കുവച്ചത്

നവജ്യോതി കോളേജിൽ ഇഗ്നൈറ്റ് റെസിഡൻഷ്യൽ ക്യാമ്പ്



നവജ്യോതി കോളേജിലെ students' IQAC യുടെ നേതൃത്വത്തിൽ'ഇഗ്നൈറ്റ്' (IGNITE) എന്ന പേരിൽ രണ്ടു ദിവസത്തെ റെസിഡൻഷ്യൽ ക്യാമ്പ് 2026 ജൂലൈ 18 മുതൽ 19 വരെ നവജ്യോതി കോളേജിൽ വെച്ച് നടത്തപ്പെട്ടു. പങ്കെടുത്തവരുടെ വ്യക്തിത്വ വികസനം, ആത്മവിശ്വാസം, നേതൃപാടവം, കൂട്ടായ്മ (ടീം വർക്ക്), വ്യക്തിബന്ധങ്ങൾ മെച്ചപ്പെടുത്തൽ എന്നിവ ലക്ഷ്യമിട്ടാണ് ക്യാമ്പ് സംഘടിപ്പിച്ചത്. ക്ലാസുകൾക്ക് നേതൃത്വം നൽകിയത് റവ.ഫാദർ ജിറ്റിൻ സി .എസ്.ടി ആയിരുന്നു. അദ്ദേഹം പരിപാടിയെ അങ്ങേയറ്റം സംവേദനാത്മകവും അർത്ഥവത്തും ആകർഷകവുമാക്കി മാറ്റി. പരമ്പരാഗത ക്ലാസ് മുറി പഠനങ്ങളിൽ നിന്ന് വ്യത്യസ്തമായി, കളികൾ, കൂട്ടായ പ്രവർത്തനങ്ങൾ , ഗ്രൂപ്പ് ചർച്ചകൾ, പ്രായോഗിക പഠനം എന്നിവയ്ക്കാണ് ക്യാമ്പ് കൂടുതൽ പ്രാധാന്യം നൽകിയത്.രണ്ടു ദിവസത്തെ ക്യാമ്പിൽ വിദ്യാർത്ഥികൾ സജീവമായി പങ്കെടുത്തു.

നവജ്യോതികോളേജിൽഫിലിംഫെസ്റ്റ് സംഘടിപ്പിച്ചു

ചെറുപുഴ: നവജ്യോതി കോളേജിലെ BCA Students' Association (BCASA)-ന്റെ നേതൃത്വത്തിൽ ഫിലിം ഫെസ്റ്റ് സംഘടിപ്പിച്ചു. ജൂലൈ 21ന് കോളേജ് ഓഡിറ്റോറിയത്തിലാണ് പരിപാടി നടന്നത്.നവജ്യോതി കോളേജിലെ വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തത്തോടെയായിരുന്നു ഫിലിം ഫെസ്റ്റ് സംഘടിപ്പിച്ചത്. വിദ്യാർത്ഥികൾക്ക് സിനിമയോടുള്ള താൽപര്യം വളർത്തുന്നതിനും വിനോദത്തോടൊപ്പം കലാസാംസ്കാരിക അനുഭവം പങ്കുവെക്കുന്നതിനുമുള്ള വേദിയായി പരിപാടി മാറി.

വിവിധ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾ പരിപാടിയിൽ ആവേശത്തോടെ പങ്കെടുത്തു. സൗഹൃദപരവും ആസ്വാദ്യകരവുമായ അന്തരീക്ഷത്തിൽ ഫിലിം ഫെസ്റ്റ് വിജയകരമായി പൂർത്തിയായി.

വന മഹോത്സവ് മരം നടൽ



വന മഹോത്സവ് വാരത്തിന്റെ ഭാഗമായി, ഫ്ലോറ നേച്ചർ ക്ലബ് അംഗങ്ങൾ മരതൈ നട്ടു.ജൂലൈ 7,ചൊവ്വാഴ്ച കോളേജ് ഹെർബ്ൽ ഗാർഡൻ, ജീവദായിനി ഗാർഡനിൽ ആണ് ഫ്ലോറ നേച്ചർ ക്ലബ് അംഗങ്ങൾ ചേർന്ന് ആര്യാവെപ്പ് തൈ നട്ടുപിടിപ്പിച്ചത്. പ്രകൃതിയിൽ മരങ്ങളുടെ പ്രാധാന്യവും, അതിലേക്ക് ആര്യവേപ്പ് നൽകുന്ന സംഭാവനകളെ കുറിച്ചും ചർച്ച ചെയ്തു.

സ്വയംപരിചരണ ദിനാചരണം സംഘടിപ്പിച്ചു



ചെറുപുഴ നവജ്യോതി കോളേജിലെ മന ശാസ്ത്ര വിഭാഗത്തിന്റെ നേതൃത്വത്തിൽ ബി.എസ്സി.സൈക്കോളജി വിദ്യാർത്ഥികൾ സ്വയംപരിചരണ ദിനംആചരിച്ചു. 'Be Kind to Your Mind'എന്ന സന്ദേശമുയർത്തി സംഘടിപ്പിച്ച പരിപാടി ആഗസ്റ്റ് 19ന് കന്നിക്കളത്തെ Archangels School-ൽ രാവിലെ 10.30 മുതൽ നടന്നു.

സ്വന്തം മാനസികവും വൈകാരികവും ശാരീരികവുമായ ക്ഷേമത്തിന് പ്രാധാന്യം നൽകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്നതായിരുന്നു പരിപാടിയുടെ പ്രധാന ലക്ഷ്യം. തിരക്കേറിയ ജീവിതത്തിനിടയിൽ സ്വന്തം ശരീരത്തിന്റെയും മനസ്സിനെയും ആരോഗ്യ പരിപാലനത്തിനായി സമയം കണ്ടെത്തുക,വിശ്രമിക്കുക,സ്വന്തം വികാരങ്ങളെ തിരിച്ചറിയുക, പോസിറ്റീവ് ചിന്തകൾ വളർത്തുക തുടങ്ങിയ സ്വയം പരിചരണ ശീലങ്ങളുടെ പ്രാധാന്യം വിദ്യാർത്ഥികൾ പരിപാടിയിലൂടെ പങ്കുവെച്ചു.

സ്വയംപരിചരണത്തിന്റെ സന്ദേശം കൂടുതൽ ലളിതവും ആകർഷകവുമായി ജനങ്ങളിലെത്തിക്കുന്നതിനായി നാടകാവതരണവും പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ചു. സ്വയം സ്നേഹിക്കുകയും സ്വന്തം മാനസികാരോഗ്യത്തിന് മുൻഗണന നൽകുകയും ചെയ്യുന്നത് സ്വാർത്ഥതയല്ലെന്നും മറിച്ച് ആരോഗ്യകരമായ ജീവിതത്തിന്റെ അനിവാര്യ ഘടകമാണെന്നും നാടകത്തിലൂടെ അവതരിപ്പിച്ചു.

സ്വയം അറിയുക,സ്വയം സ്നേഹിക്കുക, മനസ്സിനെ പരിപാലിക്കുക, സ്വന്തം ക്ഷേമത്തിന് മുൻഗണന നൽകുക എന്ന സന്ദേശം ഉയർത്തിപ്പിടിച്ച പരിപാടി വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തത്തോടെ ശ്രദ്ധേയമായി. ചെറിയ സ്വയംപരിചരണ ശീലങ്ങൾ ജീവിതത്തിൽ വലിയ മാറ്റങ്ങൾക്ക് വഴിയൊരുക്കുമെന്നും സ്വയംപരിചരണം ആഘോഷിക്കാം, നല്ല മനസ്സുകൾ പകരാം എന്ന സന്ദേശത്തോടെ പരിപാടി സമാപിച്ചു.

നവജ്യോതിയിൽ ക്വാളിറ്റി ആർട്ടിക്കിൾ വർക്ക്ഷോപ്പ്



നവജ്യോതി കോളേജിലെ Students' IQAC യുടെ നേതൃത്വത്തിൽ ക്വാളിറ്റി ആർട്ടിക്കിൾ-" (QUALITY ARTICLE) എന്ന പേരിൽ സംഘടിപ്പിച്ച വർക്ക് ഷോപ്പ് B.Com, M.Com വിദ്യാർത്ഥികൾക്കായും, BBA, സൈക്കോളജി (Psychology), BSW എന്നിവയിലെ മൂന്നാം വർഷ വിദ്യാർത്ഥികൾക്കായും ഉള്ളതായിരുന്നു. ആർട്ടിക്കിൾ (ലേഖനം) എഴുത്ത്, അതിന്റെ പ്രസിദ്ധീകരണം എന്നീ മേഖലകളിൽ വിദ്യാർത്ഥികളുടെ അറിവ്, സർഗ്ഗാത്മകത, ആശയവിനിമയം, എഴുത്ത് കഴിവുകൾ എന്നിവ വികസിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള ലക്ഷ്യത്തോടെയാണ് ഈ പരുപാടി സംഘടിപ്പിച്ചത്. റവ. ഡോ. ജിനീഷ് സിറിയക്ക് ആണ് ക്ലാസുകൾ നയിച്ചത്. മാഗസിനുകളിലും മറ്റ് പ്രസിദ്ധീകരണങ്ങളിലും ഗുണനിലവാരമുള്ള ലേഖനങ്ങൾ എങ്ങനെ എഴുതാമെന്നതിനെക്കുറിച്ച് അദ്ദേഹം വിദ്യാർത്ഥികൾക്ക് വിശദവും പ്രായോഗികവുമായ മാർഗ്ഗനിർദ്ദേശം നൽകി. അനുയോജ്യവും പ്രസക്തവുമായ ഒരു വിഷയം തിരഞ്ഞെടുക്കുന്നത് മുതൽ, ആശയങ്ങൾ വികസിപ്പിക്കുക, വിവരങ്ങൾ ശേഖരിക്കുകയും ക്രമീകരിക്കുകയും ചെയ്യുക, ആകർഷകമായ ഒരു തലക്കെട്ട് തയ്യാറാക്കുക, ഫലപ്രദമായ ഒരു ആമുഖം എഴുതുക, പ്രധാന ആശയങ്ങൾ വ്യക്തവും യുക്തിസഹവുമായ രീതിയിൽ അവതരിപ്പിക്കുക, ഒടുവിൽ ലേഖനം ഉചിതമായി ഉപസംഹരിക്കുക എന്നിവ വരെയുള്ള, ഒരു നല്ല ലേഖനം തയ്യാറാക്കുന്നതിലെ വിവിധ ഘട്ടങ്ങളെക്കുറിച്ച് ഈ വർക്ക്ഷോപ്പിൽ പ്രതിപാദിച്ചു.

അധ്യാപകദിനത്തിൽ സ്നേഹാദരവുമായി ഫ്ലോറ നേച്ചർ ക്ലബ്



സെപ്റ്റംബർ 5 അധ്യാപക ദിനത്തിന്റെ ഭാഗമായി ഫ്ലോറ നേച്ചർ ക്ലബ് അംഗങ്ങൾ നവജ്യോതി കോളേജിലെ എല്ലാ അധ്യാപകർക്കും കൈകൊണ്ട് നിർമിച്ച ആശംസ കാർഡുകൾ വിതരണം ചെയ്യുകയും. അധ്യാപകദിനാശംസകൾ നേരുകയും ചെയ്തു.

ബജറ്റിനെ വിലയിരുത്തി വിദ്യാർത്ഥികളുടെ 'VERDICT' പാനൽ ചർച്ച

ചെറുപുഴ: കേരള ബജറ്റ് 2026–27ന്റെ വിവിധ വശങ്ങൾ വിശകലനം ചെയ്ത് വിദ്യാർത്ഥികൾ തങ്ങളുടെ വിലയിരുത്തലുകളും അഭിപ്രായങ്ങളും അവതരിപ്പിച്ച പാനൽ ചർച്ച ശ്രദ്ധേയമായി. നവജ്യോതി കോളേജ് പി.ജി ഡിപ്പാർട്ട്മെന്റ് ഓഫ് കൊമേഴ്സും 'കൊമേർകോ' ക്ലബ്ബും ചേർന്ന് 2026 സെപ്റ്റംബർ 3ന് സെമിനാർ ഹാളിൽ സംഘടിപ്പിച്ച "VERDICT – Kerala Budget 2026–27: Boon or Burden?"



എന്ന പരിപാടിയിൽ B.Com, BBA വിഭാഗങ്ങളിൽ നിന്നുള്ള ഒൻപത് വിദ്യാർത്ഥികൾ പാനലിസ്റ്റുകളായി പങ്കെടുത്തു. മൂന്നാം വർഷ B.Com വിദ്യാർത്ഥി അജയ് തോമസ് മോഡറേറ്ററായി.

മികച്ച പ്രകടനത്തിന് മൂന്നാം വർഷ B.Com വിദ്യാർത്ഥി ടോം സാജി ഒന്നാം സ്ഥാനം നേടി. അഞ്ജോ കെ.ബി. രണ്ടാം സ്ഥാനം കരസ്ഥമാക്കി. പരിപാടി വിദ്യാർത്ഥികളിൽ സാമ്പത്തിക അവബോധവും വിമർശനാത്മക ചിന്തയും വളർത്തുന്നതിന് ശ്രദ്ധേയമായ വേദിയായി.